(ബി) കെ.ഡി.എച്ച്. വില്ലേജിലെ വ്യാജ പട്ടയങ്ങളെക്കുറിച്ച് സർവ്വേ ഡയറക്ടർ, ലാന്റ് ബോർഡ് സെക്രട്ടറി, മുഖ്യവനപാലകൻ (പ്രൊട്ടക്ഷൻ) എന്നിവർ അംഗങ്ങളായ എക്സ്പെർട്ട് കമ്മിറ്റിയും വാഗമൺ വില്ലേജിലെ വ്യാജ പട്ടയ പരിശോധന സർക്കാർ തലത്തിൽ നിശ്ചയിച്ച ഹൈലവൽ കമ്മിറ്റിയും ഇടുക്കി വില്ലേജിലെ വ്യാജ പട്ടയത്തെപ്പറ്റി ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറുമാണ് അന്വേഷണം നടത്തുന്നത്.

(സി) കെ.ഡി.എച്ച്., വാഗമൺ എന്നീ വില്ലേജുകളിലെ അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിന് സർക്കാർ നിയോഗിച്ച കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇടുക്കി വില്ലേജിലെ വ്യാജ പട്ടയത്തെപ്പറ്റി ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസർ നടത്തിയ അന്വേഷണത്തിൽ ഉദ്യോഗസ്ഥരും പൊതുജനങ്ങളും ഉൾപ്പെട്ട ഒരു റാക്കറ്റ് പ്രവർത്തിച്ചുവരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പാട്ടക്കരാർ ലംഘിച്ചാൽ ഭൂമി തിരിച്ചെടുക്കാൻ നടപടി

99 [2165] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ മാങ്കോട് രാധാകൃഷ്ണൻ:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായി പാട്ട വ്യവസ്ഥ പ്രകാരം കൊടുത്തിട്ടുള്ള ഭൂമി തിരിച്ചെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ ഈ ഭൂമി തിരിച്ചെടുക്കാൻ സർക്കാരിന് അധികാരമുണ്ടോ; ഉണ്ടെങ്കിൽ വ്യവസ്ഥകൾ ലംഘിച്ച ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വ്യവസ്ഥകൾ ലംഘിച്ച് ഭൂമി കൈമാറ്റം ചെയ്യുകയും വിൽപ്പന നടത്തുകയും ചെയ്യുന്നതായിട്ടുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥലങ്ങളെ സംബന്ധിച്ചാണ് പരാതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നഗരഹൃദയങ്ങളിൽ വിലപിടിപ്പുള്ള ഭൂമി തുച്ഛമായ പാട്ടം നൽകി കൈക്കലാക്കിയ പല സ്ഥാപനങ്ങളും ഇവിടങ്ങളിൽ വലിയ കച്ചവടം നടത്തി ലാഭം കൊയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് മൊത്തം എത്ര ഏക്കർ ഭൂമി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്; ഇതിൽ നിന്ന് ഓരോ വർഷവും ലഭിക്കുന്ന വരുമാനം എത്ര യാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിരിക്കുന്ന പുറമ്പോക്ക് ഭൂമി, പാട്ട കാലാവധി കഴിഞ്ഞവ പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത കേസുകളിലും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന കേസുകളിലും ഭൂമി തിരിച്ചെടുക്കാൻ ചട്ടങ്ങ ളിൽ വ്യവസ്ഥയുള്ളതിനാൽ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്. ഇതു പ്രകാരം ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) എറണാകുളം ജില്ലയിൽ രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

1. കൊച്ചി താലൂക്കിൽ രാമേശ്വരം വില്ലേജിൽ സ.1489-ൽ 17 സെന്റും 1458-ൽ 2 ഏക്കർ 96 സെന്റും ഉൾപ്പെടെ കെ.എം.പി. ഓയിൽ മിൽസിന് പാട്ടത്തിന് നൽകിയ ഭൂമി ഡോൺ സ്കൂളിന് കൈമാറ്റം ചെയ്തിട്ടുണ്ട്. ഡബ്ല്യു. (പി. സി.) 14660/04 നം. കേസ് ഇതിൽ നിലവിലുണ്ട്.

2. രാമേശ്വരം വില്ലേജിൽ സർവ്വേ 94/11-ൽ 65 സെന്റ് സ്ഥലം കുത്തകപ്പാട്ട ത്തിന് നൽകിയത് കൈമാറ്റം ചെയ്തതായി കണ്ടിട്ടുണ്ട്.

(ഡി) എറണാകുളം ജില്ലയിൽ പാട്ടത്തിന് നൽകിയ ഭൂമി പല വ്യക്തികളും സ്ഥാപനങ്ങൾ നടത്തി ലാഭം കൊയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിശ്ശിക ഈടാക്കു ന്നതിന് ഈ ഭൂ ഉടമകളെ സമീപിച്ചപ്പോൾ 101 കേസുകളിൽ ഈയാളുകൾ അനുകൂല കോടതിവിധി സമ്പാദിച്ചതായി കണ്ടിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് മൊത്തം 4494.90.47 ഏക്കർ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ഓരോ വർഷവും പുതിയ കേസുകളിൽ പാട്ടത്തിനു നൽകുന്നതുകൊണ്ടും വർഷം തോറും പാട്ടക്കാലാവധി കഴിഞ്ഞ കേസുകൾ ഉണ്ടാ കുന്നതുകൊണ്ടും ഓരോ വർഷവും ഉള്ള വരുമാനം വ്യത്യസ്തമായിരിക്കും. 2003-04 സാമ്പത്തിക വർഷം 1,77,99,179 രൂപ പാട്ട കുടിശ്ശിക പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 2004-05 സാമ്പത്തിക വർഷം 28-2-05 വരെ 1,20,29,294 രൂപ പാട്ടകുടിശ്ശിക പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly